പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1685** **11.02.2013 ൽ മറുപടിയ്ക്ക്**

**<u>ഡാമുകളിൽ നിന്നും വെള്ളം ലഭ്യമാക്കാത്തതു മൂലമുള്ള കൃഷിനാശം</u>**

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഡാമുകളിൽ നിന്നും യഥാസമയം വെള്ളം ലഭ്യമാക്കാത്തതുമൂലം ആലത്തൂർ താലൂക്കിൽ വ്യാപകമായി നെൽകൃഷി നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര ഹെക്ടർ നെൽകൃഷിയാണ് ഇത്തരത്തിൽ നശിച്ചുപോയതെന്ന് വ്യക്തമാക്കുമോ; | (ബി) 880 ഹെക്ടർ കൃഷി നശിച്ചിട്ടുണ്ട്. |
| (സി) ഇത് എത്ര കർഷകരുടേതാണെന്ന് വ്യക്തമാക്കുമോ; | (സി) 1906 കർഷകരുടെ നെൽകൃഷിയാണ് ഇത്തരത്തിൽ നശിച്ചത്. |
| (ഡി) ഇവർക്ക് വിത്ത് വളം മുതലായവ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) മിക്ക ഭാഗങ്ങളിലും കതിര് പാകമായ ഘട്ടത്തിലാണ് ഉണക്കം ബാധിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ വിള വീണ്ടും ഇറക്കാൻ കഴിയാത്തതിനാൽ വിത്ത്, വളം തുടങ്ങിയ ഉല്പാദനോപാധികൾ നല്കുന്നതിന് നിർവ്വാഹമില്ല. എന്നാൽ കൃഷിനാശത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**